# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2614

18.08.2017-ൽ മറുപടിയ്ക്ക്

## പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ.പി.സി. ജോർജ്

**ഉത്തരം**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുമെന്ന് പ്രഖ്യാപിച്ച പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം - ഇളംകാട് - വാഗമൺ, ഭരണങ്ങാനം - പാറത്തോട്, അരുവിത്തുറ- പൂവത്തോട്, ഈരാറ്റുപേട്ട - വാഗമൺ, ഈരാറ്റുപേട്ട-പൂഞ്ഞാർ എന്നീ റോഡുകളുടെ പുനരുദ്ധാരണ പണികൾ എത്രയും വേഗം നടപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

മുണ്ടക്കയം - ഇളംകാട് - വാഗമൺ, ഭരണങ്ങാനം - പാറത്തോട്, അരുവിത്തുറ - പൂവത്തോട്, ഈരാറ്റുപേട്ട - പൂഞ്ഞാർ എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തലത്തിൽ തയ്യാറാക്കി വരുന്നു. വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ. ഈരാറ്റുപേട്ട – വാഗമൺ റോഡ് പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് RICK മുഖാന്തിരം ഡി.പി.ആർ തയ്യാറാക്കി വരുന്നു. ഡി.പി.ആർ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫണ്ട് ലഭ്യമാക്കുന്നതിനായി കിഫ്ബിയ്ക്ക് സമർപ്പിക്കുവാൻ സാധ്യമാകുകയുള്ളൂ.

(ഒപ്പ്)

സെക്ഷൻ ഓഫീസർ